LIBRARY ARCHIVES Kerala Legislative Assembly

വയലപ്ര റഗുലേറ്റർ-കം-ബ്രിഡ്ജ്

173 (862) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ രാമപുരം പുഴയ്ക്ക് കുറുകെ വയലപ്രയിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദീകരിക്കുമോ ?

ഉത്തരം

പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിന് അംഗീകാരം നൽകുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ജലവിഭവ വകുപ്പിന്റെ കീഴിലുള്ള തടയണകൾ

174 (863) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര തടയണകൾ പ്രവർത്തിക്കുന്നുണ്ട്; ആയതു വഴി എത്ര പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്;

(ബി) 2015-16 വർഷം എത്ര തടയണകൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആയതിലേക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പല ഭാഗങ്ങളിലും വെള്ളം ലഭ്യമാക്കുവാൻ സഹായകമായ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; ഇതിന് ആകെ എത്ര തുക അനുവദിച്ചു ; എത്ര തുക നാളിതുവരെ ചെലവഴിച്ചു; ബാക്കി തുക അടിയന്തരമായി അനുവദിച്ച്, പ്രസ്തുത തടയണ കമ്മീഷൻ ചെയ്യുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?